# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 46-2018-സം.തി.ക. തീയതി , തിരുവനന്തപുരം,2018 ഏപ്രിൽ, 25

2017 ഡിസംബർ മാസം 20-ാം തീയതിയിലെ ഉത്തരവ് നമ്പർ ബി1-8950-2017 സം.തി.ക പ്രകാരം പുറപ്പെടുവിച്ചതും അതേ തീയതിയിലെ 2780-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ, 2015 ലെ ത്രിതല പഞ്ചായത്തുകളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിലെ ചെലവ് കണക്ക് സമർപ്പിക്കാത്ത/ പരിധിയിൽ കൂടുതൽ ചെലവ് ചെയ്ത സ്ഥാനാർതഥികളെ അയോഗ്യരാക്കിയ ഉത്തരവിന്റെ പട്ടികയിൽ, -

ക്രമനമ്പർ 5494 ഉം 6361 ഉം അവയ്ക്ക് എതിരെയുള്ള ഉൾക്കുറിപ്പുകളും ഒഴിവാക്കേണ്ടതാണ്.

ഒപ്പ്

**വി. ഭാസ്കരൻ**
**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം.

## വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2015- ലെ പൊതു തിരഞ്ഞെടുപ്പിൽ മലപ്പുറം ജില്ലയിൽ ജി.25 തൂവ്വൂർ ഗ്രാമ പഞ്ചായത്തിലെ 03-ആമപൊയിൽ നിയോജക മണ്ഡലത്തിൽ നിന്നും മത്സരിച്ച ശ്രീ. അബ്ദുറഹിമാൻ, വാൾത്തൊടിക ഹൗസ്, വാഴക്കിളി, നീലാഞ്ചേരി പി.ഒ, മലപ്പുറം എന്ന സ്ഥാനാർത്ഥിയും, കോഴിക്കോട് ജില്ലയിൽ ജി.35 ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിലെ 12 കോക്കല്ലൂർ ഈസ്റ്റ് വാർഡിൽ നിന്നും മത്സരിച്ച ശ്രീ.വിജയൻ, മലയിലകത്തൂട്ട്, മലയിലകത്തൂട്ട് ഹൗസ് , കോക്കല്ലൂർ പി.ഒ ബാലുശ്ശേരി, കോഴിക്കോട് എന്ന സ്ഥാനാർത്ഥിയും നിശ്ചിത സമയത്തിനുള്ളിൽ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് സമർപ്പിച്ചില്ലായെന്ന കാരണത്താൽ, ടിയാളുകളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 20.12.2017 തീയതിയിലെ ബി1- 8950-2017-സം.തി.ക നമ്പർ ഉത്തരവിലെ 5494, 6361 എന്നീ ക്രമ നമ്പരുകളായി ഉൾപ്പെടുത്തി അയോഗ്യത കൽപ്പിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ബന്ധപ്പെട്ടവർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ അപേക്ഷ ബോധിപ്പിക്കുകയും രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണ്. രേഖകൾ പരിശോധിച്ചതിൽ ടിയാളുകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻമാർക്ക് ചെലവ് കണക്ക് സമർപ്പിച്ചതായി വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ടിയാളുകളെ അയോഗ്യതയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കമ്മീഷന്റെ 20.12.2017 ലെ ഉത്തരവ് ഭേദഗതി വരുത്തേണ്ടത് ഏറ്റവും ആവശ്യമാണ്.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.